# Deepika

# 18 July 2018

# Aluva, Manappuram, Waste Accumulated

## ആലുവ മണപ്പുറത്ത് അടിഞ്ഞതു ടൺകണക്കിനു മാലിന്യം

**ആലുവ:** ഇടുക്കിയിലെ ഡാമുകൾ തുറന്നതിനെത്തുടർന്നും കനത്ത മഴയിലും ഒഴുകിയെത്തിയ ടൺ കണക്കിനു മാലിന്യം ആലുവ മണപ്പുറത്തെ മാലിന്യക്കടലാക്കി. മഴ ഇടയ്ക്കു മാറിനിന്ന ഇന്നലെ വൈകുന്നേരം ജലനിരപ്പ് ഒരടിയിലേറെ താഴ്ന്നപ്പോഴാണ് മാലിന്യങ്ങൾ പുഴയുടെ അക്കരെയും ഇക്കരെയുമായി അടിഞ്ഞത്.



**ആലുവ മണപ്പുറത്ത് മാലിന്യം അടിഞ്ഞനിലയിൽ.**

ആലുവ മഹാദേവക്ഷേത്രം, പുഴയ്ക്ക് കുറുകെ പണിത നടപ്പാലം ചവിട്ടുപടി, പുതുതായി നിർമിക്കുന്ന നിമജ്ജന കടവ് എന്നിവിടങ്ങളിലാണ് വൻതോതിൽ ചപ്പുചവറുകൾ അടിഞ്ഞിരിക്കുന്നത്. മണപ്പുറം വൃത്തിയാക്കാൻ ഏറെ കഷ്ടപ്പെടേണ്ടി വരും. ശിവരാത്രി മണപ്പുറത്തെ വൈദ്യുതി പോസ്റ്റുകളിൽ ഭൂരിഭാഗവും ശക്തമായ ഒഴുകിൽ ഒഴുകിപ്പോയതിനാൽ അവ പുനഃസ്ഥാപിക്കേണ്ടതുമുണ്ട്.

ശക്തമായ ഒഴുക്കിൽ എത്തിയ ഒരു കൂറ്റൻ മരം മണപ്പുറം ക്ഷേത്രത്തിനു മുന്നിലെ ആൽമരത്തിൽ തങ്ങി നിൽക്കുന്നുണ്ട്. ഇന്നലെ പുലർച്ചെ പ്രദേശവാസികൾ വഞ്ചിയിലെത്തി മരം മുറിച്ചു മാറ്റാൻ ശ്രമം നടത്തിയിരുന്നു. എന്നാൽ ഒഴുക്ക് ശക്തമായതോടെ ഈ ശ്രമം ഉപേക്ഷിച്ചു.

ഇന്നലെയും നൂറുകണക്കിന് ആളുകളാണ് ശിവക്ഷേത്രത്തിൽ ആരാധനയ്ക്കായി എത്തിയത്. ക്ഷേത്രത്തിലെ ശിവലിംഗം വെള്ളമിറങ്ങി തെളിയാത്തതിനാൽ ആറാട്ട് സദ്യയൊരുക്കാൻ സാധിച്ചില്ല. അടുത്ത ദിവസം ആറാട്ടു സദ്യയൊരുക്കാനാണ് തിരുവതാംകൂർ ദേവസ്വം ബോർഡിന്റെയും ക്ഷേത്ര ഉപദേശകസമിതിയുടെയും വിശ്വാസികളുടെയും തീരുമാനം.